03/12/21..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1417***(2)/2019/എസ്.ഐ.സി*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **9892**/*എസ്.ഐ.സി-ജി 6/2019)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ്,
സ്റ്റേറ്റ് ജനറൽ സെക്രട്ടറി,
ജനമിത്രം കുടുംബക്ഷേമ നീതിവേദി,
അബ്ബാ ആർക്കേഡ്, ഈസ്റ്റ് കോട്ടപ്പറമ്പ്,
കോഴിക്കോട് – 673 001.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ & വില്ലേജ് ഓഫീസർ, പുതുപ്പാടി വില്ലേജ് ഓഫീസ്, പുതുപ്പാടി (പി.ഒ), കോഴിക്കോട് – 673 586.
2. അപ്പീൽ അധികാരി & തഹസിൽദാർ(ഭൂരേഖ), താലൂക്ക് ഓഫീസ്, താമരശ്ശേരി.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/02/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/03/2019 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14/03/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 12/04/2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 07/06/2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/06/2019 |
| ഹിയറിംഗ് നടന്ന തീയതി | 06.11.2021 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ. മുഹമ്മദ് അഷ്റഫ് 07/06/2019 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 10.06.2019 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 1417(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, വിവരാവകാശ അപേക്ഷക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. അപ്പീൽ ഹർജിക്കാരൻ 09/02/2019-ൽ സമർപ്പിച്ച അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 05/03/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. ഹർജിക്കാരന്റെ 14/03/2019-ലെ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 12/04/2019-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 26/10/2019 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജി പരിഗണിച്ച് 10/04/2019-ന് വിചാരണയ്ക്ക് ഹാജരാവുന്നതിന് അപേക്ഷകന് നോട്ടീസ് അയക്കുകയും എന്നാൽ ടിയാൻ വിചാരണയ്ക്ക് ഹാജരാകാതെ ടിയാന് ബോധിപ്പിക്കാനുള്ളത് എഴുതി അറിയിക്കുകയാണുണ്ടായതെന്നും ടി അപ്പീൽ ഹർജി സംബന്ധിച്ച് പുതുപ്പാടി വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് തേടുകയും പുതുപ്പാടി വില്ലേജിലെ റീ.സ. 105/141-ൽപ്പെട്ട സ്ഥലത്തിന്റെ അടങ്കൽ പകർപ്പ് അപേക്ഷകന് നൽകാവുന്നതാണെന്നും, ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ കൊടുക്കേണ്ടതില്ലെന്നും അപേക്ഷകൻ എന്താണ് ആവശ്യപ്പെട്ടതെന്നും അപേക്ഷയിൽ വ്യക്തമാക്കണമെന്നും അറിയിച്ചുകൊണ്ടും, വിഷയം 2 പ്രകാരം ആവശ്യപ്പെട്ട രേഖകൾ വില്ലേജ് ഓഫീസിലെ കമ്പ്യൂട്ടറിൽ ലഭ്യമാണെങ്കിൽ ആയതും വിഷയം 3 പ്രകാരം ആവശ്യപ്പെട്ടതും നൽകാൻ നിർവ്വാഹമുള്ളതുമായ രേഖകളും പുതുപ്പാടി എസ്.പി.ഐ.ഒ അപേക്ഷകന് നൽകേണ്ടതാണെന്ന നിർദ്ദേശത്തോടു കൂടിയും അപ്പീൽ തീർപ്പാക്കിക്കൊണ്ട് 12/04/2019 തീയതി ഉത്തരവായിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവിൽ 13/04/2018 തീയതിയിൽ നൽകിയ വിവരാവകാശ അപേക്ഷയിൽ പി.ഐ.ഒ നൽകിയ മറുപടിക്കെതിരെ അപ്പീൽ സമർപ്പിച്ചതു 30 ദിവസത്തിന് ശേഷമാകയാൽ ടി വിഷയത്തിൽ എസ്.പി.ഐ.ഒ മറുപടി നൽകേണ്ടതില്ലെന്നും കൂടി പ്രതിപാതിച്ചിട്ടുണ്ടെന്നും പകർപ്പ്

ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്. അപേക്ഷകൻ രണ്ടാം അപ്പീലിൽ ഉന്നയിച്ച പ്രകാരം വിവരാവകാശ ഓഫീസറുടെയോ അപ്പീൽ അധികാരിയുടെയോ ഭാഗത്തു നിന്നോ യാതൊരു വിധത്തിലുള്ള മന:പൂർവ്വമായ വീഴ്ച്ചയും കാലതാമസവും ഉണ്ടായിട്ടില്ലെന്നും ഒന്നാം അപ്പീൽ പരാതി യഥാവിധി തീർപ്പുകൽപ്പിച്ചിട്ടുണെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെ കേട്ടതിലും ഹർജിക്കാരന്റെ വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരമുള്ള അപേക്ഷയിൽ ടി ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾക്കായി പ്രസ്തുത വിവരങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് അപേക്ഷ കൈമാറി നൽകണമെന്നും ലഭ്യമായ മുഴുവൻ വിവരങ്ങളും രണ്ട് മാസത്തിനുള്ളിൽ അപേക്ഷകന് നൽകണമെന്നും ടി വിവരം രേഖപ്പെടുത്തി കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം **2021 നവംബർ 06-ാം** തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV